**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2543** **13-02-2024 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവ: യു പി സ്കൂൾ എന്നീ സ്കൂളുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | **ജി.എച്ച്.എസ്.എസ് കുറ്റിപ്പുറം**: ടി സ്കൂളിന് 01.03.2021 ലെ നടപടിക്രമ നം.GED006-22/AE-1/2021/KIIFB പ്രകാരം 2.98 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. എന്നാൽ പിന്നീട് 13-05-2022 ലെ നടപടിക്രമം സ.ഉ.(സാധാ) നം.2960/2022/GEDN പ്രകാരം Rs 3.90 കോടി യായി ഭരണാനുമതി പുതുക്കി നൽകുകയുണ്ടായി. അതിൻപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ കില Rs 3.45 കോടി രൂപയ്ക്ക് ടി സ്കൂളിന്റെ സാങ്കേതിക അനുമതി നൽകുകയും ടി അനുമതി കിഫ്ബിയുടെ അംഗീകാരത്തിനായി 08.09.2023 ന സമർപ്പിക്കുകയും ചെയ്തിരുന്നു. ടി ഫയൽ ഭേദഗതികൾ വരുത്തി സമർപ്പിക്കുന്നതിനായി 21.10.2023 ന എസ്.പി.വിയ്ക്ക് തിരികെ നൽകിയിരുന്നു. ടി ഫയൽ ഭേദഗതി വരുത്തി എസ്.പി.വി 07.11.2023 ന കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും കിഫ്ബി ആവശ്യപ്പെട്ട ഭേദഗതികൾ നടത്താത്തതിനാൽ ടി ഫയൽ വീണ്ടും എസ്.പി.വി 23.11.2023 ന തിരികെ നല്കിയിട്ടുള്ളതാണ് .<br><br>**ജി.യു.പി.എസ് പൊന്മള :**<br><br>ടി സ്കൂളിന്റെ ഡിപിആർ പദ്ധതി നിർവ്വഹണ ഏജൻസി 01.01.2023 ന കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇത് കിഫ്ബിയിൽ പരിശോധിക്കുകയും ഒരു ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്-1 (TAR-1) പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക 17.08.2023 ന നൽകി. തുടർന്ന് ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി 26.09.2023 ന സമർപ്പിച്ചിരുന്നു. ഇത് പരിശോധിച്ച് പോരായ്മകൾ കാണിച്ച 14.12.2023 ന ടെക്നിക്കൽ അപ്രസൽ റിപ്പോർട്ട് -2 കിഫ്ബിയിൽ നിന്നും പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയിരുന്നു. ടി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിനുള്ള മറുപടി 03.02.2024 ന് പദ്ധതി നിർവ്വഹണ ഏജൻസി തിരികെ കിഫ്ബിയിൽ പുനഃ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (ബി) | **<u>ജി എച്ച് എസ് എസ് കുറ്റിപ്പുറം:</u>** ടി സ്കൂളിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള സാങ്കേതികാനുമതിക്കു കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. അതിനു ശേഷം പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) നും കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. അതിനു ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകും.<br><br>**<u>ജി.യു.പി.എസ് പൊന്നുള :</u>**<br><br>ടി സ്കൂളിന് കിഫ്ബിയുടെ സാമ്പത്തികാനുമതി നിലവിൽ ലഭിച്ചിട്ടില്ല. ടി സ്കൂളിന്റെ റിവൈസ്ഡ് ഡിപിആർ പദ്ധതി നിർവ്വഹണ ഏജൻസി 03.02.2024 കിഫ്ബിയിൽ സമർപ്പിച്ചത് പരിശോധനയിലാണ്. എത്രയും പെട്ടന്ന് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് . ഇതിനു ശേഷം എസ്.പി.വി സാങ്കേതികാനുമതി ലഭ്യമാക്കി, ടി സാങ്കേതികാനുമതിക്കും പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) നും കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. അതിനു ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ